## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. Dr.D.SAJITH BABU IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് – സ്കൂൾ കൗൺസിലർമാർക്കുള്ള 2023 ഏപ്രിൽ, മേയ് മാസങ്ങളിലെ വേനൽക്കാലപ്രവർത്തനങ്ങൾക്കുള്ള യാത്രാബത്ത - 2023-24 സാമ്പത്തിക വർഷം മാറി നല്കാൻ കഴിയാത്ത ജില്ലകൾക്ക് – തുക അനുവദിച്ച് - ഉത്തരവാകുന്നു.

പരാമർശം:

1. സ ഉ (സാധാ) നം. 540/2014/സാ നീ വ തീയതി , 23/08/2014
2. വനിത ശിശു വികസന ഡയറക്ടറുടെ 29/07/2023 തിയതിയിലെ ഇതേ നമ്പർ ഉത്തരവ്
3. കൊല്ലം ജില്ല വനിത ശിശു വികസന ഓഫീസറുടെ 02/12/2023 ലെ നം DWCDO/KLM/10208/D കത്ത്
4. പാലക്കാട് ജില്ലയിലെ മലമ്പുഴ ശിശു വികസന പദ്ധതി ഓഫീസറുടെ 06/03/2024 ലെ നം.ICDS/MPZA/139/2024 നമ്പർ കത്ത്

**ഉത്തരവ് നം. DWCD/4211/2022 – ICDSA6 തീയതി: 10-12-2024**

സംസ്ഥാനത്തെ സ്കൂൾ കൗൺസിലർമാർക്ക് വെക്കേഷൻ സമയത്ത് അവരുടെ പരിധിയിൽ ഉള്ള അങ്കണവാടികൾ സന്ദർശിച്ച് വേനൽക്കാല പ്രവർത്തനങ്ങൾ (ഏപ്രിൽ - മേയ് മാസങ്ങളിൽ) നടത്തുന്നതിനായി സ്ഥിര യാത്രാബത്തയായി 1500/- രൂപ അനുവദിക്കുന്നതിനു പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സ്കൂൾ കൗൺസിലർമാരുടെ അങ്കണവാടി പ്രവർത്തന ദിനങ്ങളുടെ അടിസ്ഥാനത്തിൽ 2023 ഏപ്രിൽ , മേയ് മാസങ്ങളിലെ യാത്രാബത്തയ്ക്കാവശ്യമായ പ്രൊപ്പോസലുകൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സ്കൂൾ കൗൺസിലർമാർ വേനൽക്കാല പ്രവർത്തനങ്ങൾ നടത്തിയ വകയിൽ കൊല്ലം, പാലക്കാട് ജില്ലകൾക്ക് ചുവടെ ചേർക്കുന്ന വിധം യാത്രാബത്ത അനുവദിച്ച് ഉത്തരവായിരുന്നു.

| **വേനൽക്കാല പ്രവർത്തനങ്ങൾക്കുള്ള 2023 ഏപ്രിൽ, മേയ് മാസങ്ങളിലെ യാത്രാബത്ത അനുവദിക്കുന്നത്** | | | |
|---|---|---|---|
| **ക്രമ നം** | **ജില്ല** | **ആവശ്യപ്പെട്ടിരിക്കുന്ന തുക (യാത്രാ ബത്ത) (Rs.)** | **റിമാർക്ക്സ്** |
| 1 | കൊല്ലം | 1,08,764/- | |
| 2 | പാലക്കാട് | 1,02,109/- | |

കൊല്ലം ജില്ല വനിത ശിശു വികസന ഓഫീസറുടെ പരാമർശം (3) പ്രകാരമുള്ള കത്ത് പ്രകാരം കൊല്ലം അർബൻ 2 ഐ സി ഡി എസ് പരിധിയിലെ അങ്കണവാടികൾ 8 കി മീ പരിധിക്കുള്ളിൽ ആയതിനാൽ ആണ് 2023-24 സാമ്പത്തിക വർഷം യാത്രാബത്ത ആവശ്യപ്പെടാതിരുന്നതെന്നും , എന്നാൽ സ്കൂൾ കൗൺസിലർമാരുടെ യാത്രാ ബത്തയ്ക്ക് 8 കി മി പരിധി ബാധകമല്ലെന്നു അറിഞ്ഞതിനാൽ കൊല്ലം അർബൻ 2 ലെ 5 സൈക്കോ സോഷ്യൽ

സ്കൂൾ കൗൺസിലർമാർക്ക് സ്ഥിരം യാത്രാബത്തയായി 6,750/- രൂപ ആവശ്യമുണ്ടെന്നും അറിയിക്കുകയുണ്ടായി.

പാലക്കാട് ജില്ലയിലെ മലമ്പുഴ ശിശു വികസന പദ്ധതി ഓഫീസറുടെ പരാമർശം (4) പ്രകാരമുള്ള കത്തിൽ സൈക്കോ സോഷ്യൽ പദ്ധതി സ്കൂൾ കൗൺസിലർമാർക്ക് വേനൽക്കാല പ്രവർത്തനങ്ങൾക്കായുള്ള യാത്രാ ബത്തയിനത്തിൽ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത കാര്യാലയത്തിലെ 4 സ്കൂൾ കൗൺസിലർമാർക്ക് 1500/- രൂപ നിരക്കിൽ 6000/- രൂപ അനുവദിച്ചിരുന്നതായും സ്പാർക്കിൽ നിന്ന് ബിൽ എടുത്ത് ട്രഷറിയിൽ നൽകിയപ്പോൾ യാത്രാബത്ത ശീർഷകത്തിൽ തുക കാണുന്നില്ലായെന്ന് ട്രഷറിയിൽ നിന്ന് അറിയിച്ചതിനെ തുടർന്ന് 3 തവണ ബിൽ പ്രോസസ് ചെയ്ത് ട്രഷറിയിൽ നൽകിയതായി അറിയിച്ചിരിക്കുന്നു. ടി ശീർഷകത്തിൽ 1 രൂപ വീണ്ടും അലോട്ട്മെന്റായി നൽകിയാൽ ട്രഷറിയിൽ Hide ആയി കാണുന്ന തുക വീണ്ടും കാണുവാൻ സാധിക്കും എന്ന് ട്രഷറിയിൽ നിന്ന് അറിയിച്ചതായി സൂചിപ്പിക്കുകയുണ്ടായി.

| വേനൽക്കാല പ്രവർത്തനങ്ങൾക്കുള്ള 2023 ഏപ്രിൽ, മേയ് മാസങ്ങളിലെ യാത്രാബത്ത അനുവദിക്കുന്നത് | | | |
|---|---|---|---|
| ക്രമ നം | ജില്ല | ആവശ്യപ്പെട്ടിരിക്കുന്ന തുക (യാത്രാ ബത്ത) (Rs.) | റിമാർക്ക്സ് |
| 1 | കൊല്ലം | 6,750/- | |
| 2 | പാലക്കാട് | 6,000/- | |
| | ആകെ | 12,750/- | |

മേൽ സാഹചര്യത്തിൽ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ യാത്രാ ബത്ത മാറി നൽകുന്നതിനുള്ള ആവശ്യത്തിലേക്കായി നടപ്പ് സാമ്പത്തിക വർഷത്തിലെ സൈക്കോ സോഷ്യൽ സർവ്വീസ് യാത്രാബത്ത 2235-02-102-62-01-04-01- P V ശീർഷകത്തിൽ നിന്ന് ആകെ (6750+6000 = 12,750/- ) (പന്ത്രണ്ടായിരത്തി എഴുന്നൂറ്റി അൻപത് രൂപാ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ വേനൽക്കാല പ്രവർത്തനങ്ങൾക്കുള്ള യാത്രാബത്ത അനുവദിക്കുന്നതിനായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് പ്രോജക്ടുതല തുക ഉൾപ്പെടുത്തിയ ലിസ്റ്റ് സഹിതം ഉത്തരവാക്കി നൽകേണ്ടതാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235 – 02 – 102 – 62 – 01 – 04 – 01 PV ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. തുക വിതരണം ചെയ്തു സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം സി ഡി പി ഒ മാരിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ച് 30/12/2024 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ജില്ല വനിത ശിശു വികസന ഓഫീസർമാർ.

കൊല്ലം, പാലക്കാട്

പകർപ്പ് :

1. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ
2. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്